(സി) രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം (ആർ.ബി.എസ്.കെ.) എന്ന കേന്ദ്രസർക്കാർ പദ്ധതി 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങി. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിക്കാവശ്യമായ തുക ദേശീയ ആരോഗ്യ ദൗത്യംവഴി ലഭ്യമാകുകയും പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകളുടെ സഹായ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാന ആരോഗ്യ കേരളം മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു. 20-5-2013-ലെ സർക്കാർ ഉത്തരവ് സ.ഉ (എംഎസ്) നമ്പർ 178/2013/ആ.കു.വ. പ്രകാരം ആരോഗ്യ കിരണം പദ്ധതി നിലവിൽ വന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യ മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ കിരണം പദ്ധതിക്കാവശ്യമായി വരുന്ന തുക അതാത് സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും തുക പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികൾ മുഖേനയും, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്&ടെക്നോളജി മുഖേനയുമാണ് സൗജന്യ ചികിത്സ മുഖ്യമായും നൽകി വരുന്നത്.

തുറവൂർ താലൂക്കാശുപത്രിയിലെ 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനം

95(795) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയുടെ I ഐ.പി. ബ്ലോക്കിന്റെ ഉദ്ഘാടന വേളയിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തുറവൂർ താലൂക്കാശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനം ഉടൻ അനുവദിക്കും എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തുറവൂർ താലൂക്കാശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

GPM. 2/238/2020-22

LIBRARY ARCHIVES Kerala Legislative Assembly